"ഭരണഭാഷ-മാതൃഭാഷ"

**കേരളസർക്കാർ**

നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണസെൽ) വകുപ്പ്

നമ്പർ.OLPC-2/121/2026-LAW 07-09-2026,തിരുവനന്തപുരം

സെക്രട്ടറി,
നിയമ വകുപ്പ്.

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജ് ഉൾപ്പടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക്

സർ,

വിഷയം:- നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണസെൽ) വകുപ്പ് – ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച് സംസ്ഥാന നിയമവകുപ്പ് സംഘടിപ്പിക്കുന്ന 4-ാം അഖിലകേരള ഭരണഘടനാ പ്രസംഗമത്സരം " വാഗ്മി 2026" -

സൂചന:- സ.ഉ.(സാധാ)നം.839/2026/LAW തീയതി 29.07.2026

കേരളസർക്കാരിന്റെ നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ് 2026 വർഷത്തെ ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായി ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആസ്പദമാക്കി " വാഗ്മി 2026 " എന്ന പേരിൽ അഖില കേരള ഭരണഘടന പ്രസംഗമത്സരം സംഘടിപ്പിക്കുന്ന വിവരം താങ്കളെ സന്തോഷപൂർവ്വം അറിയിക്കുന്നു.

രണ്ട് ഘട്ടങ്ങളിലായാണ് മത്സരം നടത്തുന്നത്. മേഖലാ തല മത്സരങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വച്ചും, ഫൈനൽ മത്സരം തിരുവനന്തപുരത്ത് വച്ചും നടത്തുന്നതാണ്. മത്സരത്തിൽ ഒന്നാം സമ്മാനമായി 25,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, രണ്ടാം സമ്മാനമായി 15,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, മൂന്നാം സമ്മാനമായി 10,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ് . ഒരു കോളേജിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് മത്സരത്തിൽ

പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്ന വിദ്യാർത്ഥിയുടെ വിവരങ്ങൾ ഇതിനോടൊപ്പം ചേർത്തിട്ടുള്ള ഫോമിൽ ചേർത്ത് താഴെ കാണിച്ചിരിക്കുന്ന ഇ-മെയിൽ വിലാസത്തിൽ 24.09.2026 ന് 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിയമാവലി പരിശോധിക്കുക.

വിശ്വസ്തതയോടെ,
G S ASHA
SPECIAL SECRETARY (LAW SECRETARY (I/C))
നിയമസെക്രട്ടറിയ്ക്കുവേണ്ടി

ഫോൺ : 0471-2517066
ഇമെയിൽ : lawolpc@gmail.com

അംഗീകാരത്തോടെ

Digitally signed by
Gayathry M M
Date: 08-09-2026
14:16:08

സെക്ഷൻ ഓഫീസർ.

# 2026-ലെ ഭരണഘടന ദിനാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന നിയമവകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന 4-ാം അഖിലകേരള ഭരണഘടന പ്രസംഗമത്സരം - "വാഗ്മി -2026”

## നിയമാവലി

- 2026 നവംബർ 26-നാണ് ഈ വർഷത്തെ ഭരണഘടനാദിനം. ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി നിയമവകുപ്പ് സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് ആർട്ട്സ് & സയൻസ് കോളേജുകളിലെ വിദ്യാർത്ഥികൾക്കായി ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആസ്പദമാക്കി "വാഗ്മി - 2026” എന്ന പേരിൽ 4-ാം അഖില കേരള ഭരണഘടന പ്രസംഗമത്സരം സംഘടിപ്പിച്ചിരിക്കുന്നു.

- മത്സരം മലയാളത്തിലാണ് നടത്തുന്നത്.

- രണ്ട് ഘട്ടങ്ങളിലായാണ് മത്സരം നടത്തുന്നത്. മേഖലാതല മത്സരങ്ങൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ വച്ചും, ഫൈനൽ മത്സരം തിരുവനന്തപുരത്ത് വച്ചും നടത്തുന്നതാണ്.

- തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ ദക്ഷിണ മേഖലയായും എറണാകുളം, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകൾ മധ്യമേഖലയായും, കോഴിക്കോട്, വയനാട്, കണ്ണൂർ, മലപ്പുറം, കാസർഗോഡ് ജില്ലകൾ ഉത്തരമേഖലയായും തരം തിരച്ചാണ് മത്സരങ്ങൾ നടത്തുന്നത്.

- മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഇതോടൊപ്പമുള്ള രജിസ്ട്രേഷൻ ഫാറം പൂരിപ്പിച്ച് **24.09.2026-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി** lawolpc@gmail.com എന്ന ഇ.മെയിൽ വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ഒരു കോളേജിൽ നിന്നും ഒരു വിദ്യാർത്ഥിയെ മാത്രമാണ് മത്സരത്തിൽ പങ്കെടുപ്പിക്കുക എന്നതിനാൽ താങ്കളുടെ സ്ഥാപനത്തിൽ നിന്നും

മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വിദ്യാർത്ഥികളിൽ നിന്നും ഒരു വിദ്യാർത്ഥിയെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

- ഉത്തരമേഖല മത്സരം 2026 ഒക്ടോബർ രണ്ടാം വാരത്തിലും, ദക്ഷിണമേഖല മത്സരം ഒക്ടോബർ അവസാന വാരത്തിലും മധ്യമേഖല മത്സരം നവംബർ മാസം ആദ്യ വാരത്തിലും നടത്തുന്നതിന് പ്രാഥമികമായി തീരുമാനിച്ചിരിക്കുന്നു.

- മേഖലാ തല മത്സരങ്ങൾക്കുള്ള പ്രസംഗ സമയം 5 മിനിട്ടാണ്. മത്സരാർത്ഥിക്ക് 10 മിനിട്ടുകൾക്ക് മുമ്പ് പ്രസംഗവിഷയം നൽകുന്നതാണ്.

- ഓരോ മേഖലാ മത്സരത്തിൽ നിന്നും 3 പേരെ വീതം ഫൈനലിലേക്ക് തിരഞ്ഞെടുക്കുന്നതായിരിക്കും.

- മേഖലാതല മത്സരാർത്ഥികൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കേറ്റ് മത്സരാനന്തരം നൽകുന്നതാണ്. മേഖലാതല മത്സര വിജയികൾക്കുള്ള സർട്ടിഫിക്കറ്റും മൊമന്റോയും ഫൈനൽമത്സര ഉദ്ഘാടന പരിപാടിയിൽ നല്കുന്നതാണ്. കൂടാതെ മേഖലാതല വിജയികളായ **ഫൈനൽ മത്സരത്തിൽ പങ്കെടുക്കുന്ന** മത്സരാർത്ഥികൾക്ക് ഫൈനൽ മത്സര വേദിയിൽ വച്ച് 2500/- രൂപ പ്രോത്സാഹന സമ്മാനമായി നൽകുന്നതാണ്.

- ഫൈനൽ മത്സരങ്ങൾ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതും, വിജയികൾക്ക് താഴെ പറഞ്ഞിട്ടുള്ള സമ്മാനം നിയമവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഭരണഘടന ദിനാഘോഷ - വാഗ്മി സമാപന പരിപാടിയൽ വച്ച് നല്കുന്നതുമാണ്.

- ഒന്നാം സമ്മാനം: 25,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും,
- രണ്ടാം സമ്മാനം: 15,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും,
- മൂന്നാം സമ്മാനം 10,000/- രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും.

- മത്സരങ്ങളുടെ സമയം, ഘടന, സ്ഥലം, മുതലായവയിൽ മാറ്റം വരുത്തുന്നതിന് നിയമ (ഔദ്യോഗികഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്

- തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്ട്രേഷൻ നടത്തുന്ന മത്സരാർത്ഥിയേയും മത്സരത്തിന്റെ നിയമാവലിയും നിർദ്ദേശങ്ങളേയും ലംഘിക്കുന്ന മത്സരാർത്ഥികളേയും മത്സരത്തിൽ നിന്നും അയോഗ്യരാക്കുന്നതിനും പുറത്താക്കുന്നതിനും നിയമ (ഔദ്യോഗിക ഭാഷ - പ്രസിദ്ധീകരണ സെൽ) വകുപ്പിന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

- മത്സരഫലം സംബന്ധിച്ച വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

Digitally signed by
Gayathry M M
Date: 08-09-2026
14:16:32

വിദ്യാർത്ഥിയുടെ
പാസ്പോർട്ട്
സൈസ് ഫോട്ടോ
ഇവിടെ ഒട്ടിക്കുക

**കേരളസർക്കാർ**
**നിയമ (ഔദ്യോഗിക ഭാഷ-പ്രസിദ്ധീകരണ സെൽ) വകുപ്പ്**

ഭരണഘടനാ ദിനാഘോഷത്തോടനുബന്ധിച്ച്
സംസ്ഥാന നിയമവകുപ്പ് സംഘടിപ്പിക്കുന്ന

# 4-ാം അഖിലകേരള ഭരണഘടന പ്രസംഗമത്സരം "വാഗ്മി -2026"

## രജിസ്ട്രേഷൻ ഫാറം

1. **മത്സരാർത്ഥിയുടെ പേര്:**
2. **കോളേജിന്റെ പേര്:**
3. **പ്രായവും ജനനത്തീയതിയും :**
4. **ലിംഗം:** പുരുഷൻ / സ്ത്രീ / ട്രാൻസ്ജെൻഡർ
5. **പഠിക്കുന്ന കോഴ്സ്:**
6. **മത്സരാർത്ഥിയുടെ മേൽവിലാസം:**
7. **മത്സരാർത്ഥിയുടെ ഇ-മെയിൽ:**
8. **മത്സരാർത്ഥിയുടെ ഫോൺ നമ്പർ:**
9. **മത്സരാർത്ഥിയുടെ ഒപ്പ്:**

സ്ഥലം: തീയതി:

## സാക്ഷ്യപത്രം

മത്സരാർത്ഥി മുകളിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും സത്യവുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ടി വിദ്യാർത്ഥി എന്റെ കോളേജിൽ നിന്നും ടി മത്സരത്തിനുള്ള ഒരേയൊരു നോമിനി ആണെന്നും സാക്ഷ്യപ്പെടുത്തുന്നു.

പ്രിൻസിപ്പൽ / വകുപ്പ് മേധാവിയുടെ ഒപ്പും മുദ്രയും

സ്ഥലം: തീയതി:

* മത്സരവുമായി ബന്ധപ്പെട്ട നിയമാവലി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.